കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് - സഞ്ചയികാ സമ്പാദ്യ പദ്ധതി പുനർ നാമകരണം ചെയ്ത്- സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം ആരംഭിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ഭരണം - സി ) വകുപ്പ് 19968

സ.ഉ. (സാധാ) നം.7833/2016/ധന തീയതി, തിരുവനന്തപുരം, 28/09/2016. BH/3195/2015

---

പരാമർശം :- 1. കേന്ദ്ര ധനകാര്യ (സാമ്പത്തിക കാര്യ) മന്ത്രാലയത്തിന്റെ 09.09.2016 തീയ്യതിയിലെ എഫ്.നം.01/04/2015-എൻ.എസ് നമ്പർ കത്ത്.

2. ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറുടെ 6491/എൻ.എസ്-ബി2/16/ധന നം. അനൗദ്യോഗിക ഫയൽ.

**ഉത്തരവ്**

സഞ്ചയികാ സമ്പാദ്യ പദ്ധതി 01.10.2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി പരാമർശത്തിലെ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യ വിഭാഗം സംസ്ഥാന സർക്കാരിനെ അറിയിച്ചിരിക്കുന്നു.

സഞ്ചയിക സമ്പാദ്യ പദ്ധതിയിൽ ഏകദേശം ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾ അംഗങ്ങളായിട്ടുണ്ടെന്നും ഏകദേശം മൂന്ന് കോടിയിലധികം രൂപ ഈയിനത്തിൽ നിക്ഷേപമുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും നിലവിൽ സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അതേ മാനദണ്ഡങ്ങൾ ഉപയോഗിച്ച് തന്നെ നിക്ഷേപങ്ങൾ പോസ്റ്റോഫീസുകളിൽ നിന്ന് ട്രഷറി സേവിംഗ്സ് ബാങ്കിൽ മാറ്റിക്കൊണ്ട് നടപ്പിലാക്കാവുന്നതാണെന്നും ഇതിലൂടെ വർഷം തോറും ഏകദേശം അഞ്ചു കോടി രൂപയോളം ട്രഷറി നിക്ഷേപമായി ലഭിക്കുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തി കൊണ്ടും സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ പുനഃനാമകരണം ചെയ്തു കൊണ്ടും സംസ്ഥാനത്തെ ട്രഷറികളിൽ ഓരോ സ്കൂളിനും പലിശയോടുകൂടിയ ഒരു സംയുക്ത ട്രഷറി സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കാൻ അനുമതി പുറപ്പെടുവിച്ച് ഉത്തരവാകുന്നു. നിലവിലെ സഞ്ചയിക പദ്ധതിയിലെ ചട്ടങ്ങൾ ഇതിന് ബാധമാക്കിക്കൊണ്ടും അധികമായി വരുന്ന ഭേദഗതികൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. കെ. എം. എബ്രഹാം**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
9. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
10. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും, പാലക്കാട്
11. നോഡൽ ഓഫീസർ, www.finance.kerala.gov.in
12. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ

പുറത്തയക്കുന്ന നം. B1/13195/15

20/10/16

പകർപ്പ് എല്ലാ DEO / AEO മാർക്കും പ്രധാനാധ്യാപകർക്കും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

For ഡി.ഇ.ഒ.
പാലക്കാട്

20/10/16